# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 6, No. 7 : ജൂലായ് 2013**
**മലയാളം മാസ പത്രിക**

**വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**
**ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**

### *ധർമ്മ വാണി*

*ക്ഷൺ ക്ഷൺ ബീതത് ബീതതെ,*
*ജീവൻ ബീതാ ജായ്,*
*ക്ഷൺ ക്ഷൺ കാ ഉപയോഗ് കർ*
*ബീതാ ലൗട് ന ആയ്.*

ക്ഷണം, ക്ഷണം കഴിയുന്നു,
കഴിഞ്ഞിടുന്നീ ജീവിതം,
ക്ഷണമോരോന്നും ഉപയോഗിക്കൂ,
പോയ ക്ഷണമിനി വരുകില്ല.

— **എസ. എൻ. ഗോയങ്ക**

## പത്തു പാരമിതകൾ

**എസ. എൻ. ഗോയങ്ക**

*(ജീ–ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 42 ാം ഭാഗം)*

ധർമ്മം എത്ര ബലവാനാണെന്ന് ധർമ്മത്തിന്റെ ബലത്തെ മറ്റൊരു ബലവുവുമായി താരതമ്യം ചെയ്യുമ്പോൾ മനസ്സിലാകും. എല്ലാ വ്യക്തിക്കും – ആർക്ക് ഈ ഭവ ഒഴുക്കിന്റെ മറുകര കടക്കണോ, ഭവസാഗരത്തിന്റെ മറുകര കടക്കണോ, ദുഃഖത്തിന്റെ മറുകര കടക്കണോ – ധർമ്മത്തിന്റെ ബലം ആവശ്യമാണ്. പത്തു ബലങ്ങളുണ്ട്, അവയെ പാരമിതകൾ എന്നു വിളിച്ചു. മറുകര കടക്കാനുള്ള ആ ബലങ്ങൾ, മറുകര കടക്കാനുള്ള ആ ശക്തികൾ – പാരമിതകൾ – പാരമി എന്നു വിളിച്ചു.

മുക്ത അവസ്ഥവരെ എത്തിച്ചേരുന്നതിന് ഓരോ വ്യക്തിയും ഈ പത്തു പാരമിതകളെ പരിപൂർണ്ണമാക്കേണ്ടതുണ്ട്. ഒരു വ്യക്തി സമ്യക്സംബുദ്ധനായിത്തീരാൻ സംകല്പം എടുക്കുകയാണ് – മംഗള സംകല്പ്പമാണ് – ഞാൻ സമ്യക് സംബുദ്ധനായിക്കൊണ്ട് മറ്റുള്ളവരുടെ മുക്തിക്ക് സഹായകമാകേണ്ടതുണ്ട്. അത്തരം വ്യക്തി സാമാന്യ വ്യക്തിയല്ല – അനേക ജന്മങ്ങൾ സ്വന്തം പുണ്യ പാരമിതകളെ വർദ്ധിപ്പിച്ച് വർദ്ധിപ്പിച്ച് – പാരമിതകൾ അതു തന്നെയാണ് എന്നാൽ അദ്ദേഹത്തിന് വളരെ അതികം സംഗ്രഹം ചെയ്യേണ്ടതുണ്ട്. കൂടാതെ എല്ലാ ജീവനിലും, ആ ബോധിസത്വം ഒന്നല്ലെങ്കിൽ മറ്റൊരു പാരമിതകളെ വർദ്ധിപ്പിക്കുന്നു കൂടാതെ അതിനോടൊപ്പം ലോക സേവ ചെയ്യുന്നു. തന്റെ കൂടെ ഏതൊരു ജനങ്ങളുണ്ടോ, അവർ എങ്ങനെ ധർമ്മത്തിന്റെ വഴിയിൽ നടക്കും? അവർക്ക് എങ്ങനെ നന്മയുണ്ടാകും? അവർക്ക് എങ്ങനെ മംഗളമുണ്ടാകും? ഞാൻ സമ്യക് സംബുദ്ധൻ ആയിത്തീരും – വലിയ കരുണ ചിത്തത്താൽ ഈ നിശ്ചയം ചെയ്യുന്നു. കൂടാതെ ശരിക്കും അറിയുകയും ചെയ്യും – എത്രയോ ജന്മങ്ങൾ വരെ എനിക്ക് ഈ പാരമിതകളെ എത്രയോ വലിയ അളവിൽ പരിപൂർണ്ണമാക്കേണ്ടതുണ്ട്.

സമ്യക്സംബുദ്ധൻ 'സമ്യക്സംബുദ്ധൻ', എന്നാൽ സാമാന്യ വ്യക്തിക്കും മുക്തനാകുന്നതിനായി ഈ പത്തു പാരമിതകളെയും പൂർത്തിയാക്കേണ്ടതുണ്ട്. ഒരു നിശ്ചിത അളവിൽ പൂർത്തീകരിക്കേണ്ടതുണ്ട്. ഇത് പൂർത്തിയായില്ലെങ്കിൽ മുക്ത അവസ്ഥവരെ എത്തിച്ചേരാൻ കഴിയില്ല.

ഈ പാരമിതകളെ പൂർത്തീകരിക്കുന്നതിന് എത്ര ജോലി ചെയ്യുന്നോ, ആ ധർമ്മത്തിന്റെ ജോലി ധർമ്മത്തിന്റെ ബലത്തെ വർദ്ധിപ്പിക്കുന്നു. എത്ര എത്ര ധർമ്മത്തിന്റെ ബലം വർദ്ധിച്ചുകൊണ്ടു പോകുമോ കാണാം, ലോകവും നന്നാകുന്നു കൂടാതെ പരലോകവും നന്നാകുന്നു, കൂടാതെ എല്ലാ ലോകത്തിനും അപ്പുറത്തുപോകാനുള്ള ശക്തിയും പ്രാപ്തമായിക്കൊണ്ടിരിക്കുന്നു. വർത്തമാനം നന്നാകുന്നു, ഭാവിയും നന്നാകും – ധർമ്മത്തിന്റെ ബലം ഇതിനായുള്ളതാണ്.

പത്തു പാരമിതകളും പൂർത്തീകരിക്കുന്നതിന്, ജീവിതം മുഴുവൻ ഏതു ജോലി ചെയ്യുകയാണോ, അതിനെപ്പറ്റി ഉണർവ്വോടെ ഇരിക്കണം. കൂടാതെ എല്ലാ ജോലിയിലും ഈ കാര്യം ശ്രദ്ധിച്ചുകൊണ്ടിരിക്കണം – എന്റെ ഏതു പാരമിതയുടെ ബലമാണ് വർദ്ധിച്ചുകൊണ്ടിരിക്കുന്നത് – സ്വന്തം പാരമിത വർദ്ധിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കണം.

നമ്മുടെ ദേശത്തിന്റെ ഒരു പഴയ പരമ്പര ഉണ്ട്, അത് തപോഭൂമികളുടെ പരമ്പരയാണ്. ഏതോ കാരണത്താൽ ലുപ്തമായിപ്പോയി. വിപശ്യനയുടെ തപോഭൂമികൾ ഉണ്ടായിരുന്നു. ഭിക്ഷു, ഭിക്ഷുണികൾ – അവർക്ക് മറ്റെന്ത് ജോലിയാണുള്ളത് – സ്വന്തം

പാരമിതകൾ വർദ്ധിപ്പിച്ചു വർദ്ധിച്ച് മുക്ത അവസ്ഥയിൽ എത്രയും പെട്ടന്ന് എത്തിച്ചേരണം, ലോക നന്മ ചെയ്യണം. ഗൃഹസ്ഥർക്ക് വളരെ അനിവാര്യം. ഒരു സമയത്ത് ഗൃഹസ്ഥൻ ഏഴ് ആഴ്ചകൾ ഏതെങ്കിലും തപോഭൂമിയിൽ പോയി ഈ വിപശ്യനാസാധന ചെയ്യുമായിരുന്നു കൂടാതെ അതിൽ ഈ പത്തു പാരമിതകളെയും ബലമുള്ളതാക്കാൻ, സമ്പുഷ്ടമാക്കാൻ, ഇതിനെ വർദ്ധിപ്പിക്കാൻ – തപസ്സിന്റെ എത്ര ജോലി അവിടെ ചെയ്യുന്നോ, അവരിൽ ഈ പത്തും പുഷ്ടമായിക്കൊണ്ടിരിക്കുന്നതായി, ബലപ്പെട്ടുക്കൊണ്ടിരിക്കുന്നതായി കാണും. ഇവയെ ബലപ്പെടുത്തുന്നതിനു തന്നെയാണ് തപോഭൂമിയിൽ പ്രവേശിച്ചിരുന്നത്.

ഇന്നത്തെ സമയത്ത് ഏഴ് ആഴ്ചകൾ, ബുദ്ധിമുട്ടായി. ഈ തിരക്കുപിടിച്ച ലോകത്തിൽ ആര് ഏഴ് ആഴ്ചകൾ വീടുവിട്ടു വരാനാണ്? അതിനാൽ വിവേകമുള്ള വ്യക്തികൾ അതിനെ കഴിഞ്ഞ നൂറു വർഷങ്ങളായി കമ്മിയാക്കാൻ തുടങ്ങി. ഒരു മാസമാക്കി – കുറച്ചു പ്രാപ്തമാകുന്നു. ഇരുപതു ദിവസമാക്കി – കുറച്ച് പ്രാപ്തമാകുന്നു. പതിനഞ്ചു ദിവസമാക്കി – കുറച്ചു പ്രാപ്തമാകുന്നു. പത്തു ദിവസമാക്കി, അതെ, കുറച്ചു പ്രാപ്തമാകുന്നു. ഒരു രൂപരേഖ ലഭിക്കുന്നു. അതിലും കമ്മിയാക്കിയപ്പോൾ കണ്ടു ഒന്നും തന്നെ ലഭിക്കുന്നില്ല. അതിനാൽ ഒരു നിർണ്ണയം ചെയ്തു, വിപശ്യനയുടെ ശിബിരത്തിനായി പത്തു ദിവസം തന്നു എങ്കിൽ മാത്രമെ അയാളെ വിപശ്യന പഠിപ്പിക്കുകയുള്ളു. എന്താണ് ചെയ്യുന്നത്? എപ്രകാരമാണ് പാരമിതകളെ പൂർണ്ണമാക്കുന്നതിനുള്ള ജോലി ചെയ്യുന്നത്?

ആദ്യത്തെ പാരമിത, വളരെ ഉപകാരപ്രദമായ പാരമിത. ദാനപാരമിത. ഗൃഹസ്ഥനല്ലെ! ഗൃഹസ്ഥനാണെങ്കിൽ പരിശ്രമം ചെയ്ത്, അധ്വാനിച്ച് – ന്യായപൂർവ്വം, ധർമ്മപൂർവ്വം ധനം സമ്പാദിക്കേണ്ടത് അയാളുടെ കർത്തവ്യമാണ്. ഗൃഹസ്ഥൻ ദരിദ്രനാണ് – ആരുടെയും മുന്നിൽ കൈ നീട്ടൽ – അയാൾക്ക് യോഗ്യമല്ല, ഉചിതമല്ല. ശരിക്കും അതുപോലെ തന്നെ ഏതെങ്കിലും സന്ന്യാസി അല്ലെങ്കിൽ ഭിക്ഷു ധനവാനാണ് എന്നിട്ട് ധനം സംഗ്രഹം ചെയ്യുകയാണ് – ഇത് അവന് ഉചിതമല്ല.

അതിനാൽ ഗൃഹസ്ഥനാണെങ്കിൽ അധ്വാനിക്കും, പരിശ്രമിക്കും, ധനം സമ്പാദിക്കും അപ്പോൾ ഒരു ബുദ്ധിമുട്ടു വരും – അഹങ്കാരം ഉണരും. ഞാൻ ഇത്ര ധനികൻ,. ഞാൻ ഇത്ര ബുദ്ധിശാലി, ആയതിനാൽ ധനം സമ്പാദിക്കുന്നു. ആയതുകൊണ്ട് മനസ്സിലാക്കിക്കൊടുത്തു – നിന്റെ ധനം – സമൂഹത്തിന് എന്താണ് കൊടുക്കുന്നത്? ഒപ്പം ഈ ചിന്ത നടക്കണം – ഞാൻ സമ്പാദിക്കുകയാണ് – എന്റെ പോഷണത്തിന്, എന്റെ കുടുംബത്തിന്റെ പോഷണത്തിനു വേണ്ടി. കൂടാതെ ഏതൊരു ജനങ്ങൾ എന്നിൽ ആശ്രയിച്ചിരിക്കുകയാണോ, അവർ എല്ലാവരുടെയും പോഷണത്തിനു വേണ്ടി. ഇത് എല്ലാം ആയതിനു ശേഷം ഏതൊന്ന് ബാക്കി വരുന്നുവോ, അതിൽ നിന്ന് ഇത്ര ഭാഗമെങ്കിലും ജനനന്മക്ക് നീക്കി വക്കേണ്ടതുണ്ട്. മറ്റുള്ളവരുടെ നന്മക്ക് നീക്കി വക്കേണ്ടതുണ്ടെങ്കിൽ അവന്റെ അഹങ്കാരം കമ്മിയാകും. അഹങ്കാരം വർദ്ധിച്ചാൽ മുക്ത അവസ്ഥയിൽ നിന്ന് വിപരീത ദിശയിൽ പോകാൻ തുടങ്ങുന്നു.

മുക്ത അവസ്ഥയിൽ പോകേണ്ടതുണ്ട് – ആ അവസ്ഥയിൽ തീർത്തും അഹം ശൂന്യമാണ്. അഹത്തിന്റെ തരി പോലുമില്ല. ആത്മം ഇല്ല, ഞാൻ ഇല്ല, എന്റെ ഇല്ല, അഹം ഇല്ല, ആ അവസ്ഥയിൽ എത്തിച്ചേരണമെങ്കിൽ ഗൃഹസ്ഥന് ദാനം കോടുക്കേണ്ടത് ആവശ്യമാണ്. എന്നാൽ ദാനം കൊടുത്തുകൊണ്ടും അഹങ്കാരം ഉണർത്തിയാൽ ദാനം കൊടുക്കൽ മനസ്സിലായില്ല. ദാനം കൊടുക്കുന്നത് ഇതിനാണ് – എനിക്ക് വളരെ പ്രസിദ്ധിയുണ്ടാകണം, ജനങ്ങൾ അറിയണം, ഇത്ര വലിയ ദാനമാണ് – വലിയ അഹംഭാവത്തോടെ ദാനം കൊടുക്കുകയാണ്. ഏതെങ്കിലും സ്കൂളുണ്ടാക്കി എങ്കിൽ അതിൽ പേരെഴുതേണ്ടതുണ്ട്, സ്വർണ്ണ അക്ഷരങ്ങളാൽ എഴുതേണ്ടതുണ്ട്, 'ഗോയങ്കാ സ്കൂൾ'. ഈ ആശുപത്രി നിർമ്മിച്ചു എങ്കിൽ 'ഗോയങ്കാ ആശുപത്രി'. അയ്യോ, എന്തിനാണ് ദാനം കൊടുക്കുന്നത്? സ്വന്തം അഹങ്കാരത്തെ പുഷ്ടിപ്പെടുത്താനാണോ ദാനം കൊടുക്കുന്നത്? വീണ്ടും അതിലും കച്ചവട സ്വഭാവം. ഈ സ്കൂൾ നിർമ്മിച്ചു. ഈ കോളേജ് നിർമ്മിച്ചു എങ്കിൽ ഇത്ര അഡ്മിഷൻ എന്റെ ഫിക്സ് ആകേണ്ടതുണ്ട്. ഈ ഹോസ്പിറ്റൽ നിർമ്മിച്ചു, ഇത്ര അഡ്മിഷൻ എന്റെ ഫിക്സ് ആകേണ്ടതുണ്ട്. അയ്യോ, എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? നീ എന്തിനെയാണ് ദാനമെന്ന് വിചാരിക്കുന്നത്. ദാനമാകട്ടെ ചിത്തത്തിന്റെ അഹങ്കാരത്തെ ദൂരികരിക്കുന്നതിനാണ് എന്നാൽ അഹങ്കാരം വർദ്ധിപ്പിക്കാനാണ് ദാനം കൊടുത്തുകൊണ്ടിരിക്കുന്നത്, കാര്യം മനസ്സിലായില്ല. പ്രതീക്ഷ വെച്ചുക്കൊണ്ട് ദാനം കൊടുക്കുന്നത് – കാര്യം മനസ്സിലായില്ല.

മറ്റുള്ളവർക്ക് നന്മയുണ്ടാകണം, മറ്റുള്ളവർക്ക് മംഗളമുണ്ടാകണം. ഞാൻ ഏതൊന്ന് സമ്പാദിച്ചോ, ഈ സമ്പാദ്യത്താൽ മറ്റുള്ളവർക്ക് എങ്ങനെ നന്മയുണ്ടാകും? കൂടുതൽ ജനങ്ങൾക്ക് കൂടുതൽ നന്മ എങ്ങനെയുണ്ടാകും? ഈ ചിത്തത്തിന്റെ ചേതനയാൽ, ഈ മനോവൃത്തിയാൽ ദാനം കൊടുക്കുകയാണ് എങ്കിൽ പാരമി ആയിത്തീരുന്നു. വളരെ മംഗളകാരിണി ആകുന്നു

അതിനാൽ ഇത്തരം ധർമ്മത്തിന്റെ ശിബിരങ്ങളിൽ വരുകയാണ് – പത്തു ദിവസം വിപശ്യന ചെയ്യുകയാണ് അല്ലെങ്കിൽ അതിൽ അധികം ദിവസം വിപശ്യന ചെയ്യുകയാണ് – ചിത്തത്തെ നിർമ്മലം ആക്കിക്കൊണ്ട്, അതിനുശേഷം ദാനം കൊടുക്കുകയാണെങ്കിൽ നിർമ്മല ചിത്തത്താലാണ് കൊടുക്കുന്നത്. തിരിച്ച് എന്തെങ്കിലും നേടുന്നതിനുള്ള ഭാവനയില്ല – ഏതൊന്ന് കൊടുക്കുകയാണോ അതിനാൽ ലോകനന്മയുണ്ടാകണം – അധികാധികം ജനങ്ങൾക്ക് നന്മ വരണം. ഇത്തരം നന്മകാരിയായ വിദ്യ – ഇത് എന്റെ ഇത്ര വലിയ നന്മ ചെയ്തു. മറ്റുള്ളവർക്കും ഇത്തരം മംഗളമുണ്ടാകണം. ഈ ഭാവനയാൽ കൊടുക്കുകയാണ് എങ്കിൽ പാരമി ആയിത്തീരുന്നു. അതിനാൽ തപോഭൂമിയിൽ വന്നുകൊണ്ട് ദാനത്തിന്റെ പാരിമിയിലും – ദാനത്തിന്റെ പാരമിയിലെ കുടത്തിലും കുറച്ചു തുള്ളികൾ വീഴുന്നു.

രണ്ടാമത്തെ പാരമി, ശീല പാരമി. വീട്ടിൽ താമസിക്കുകയാണെങ്കിലും തപോഭൂമിയിൽ വരിക

യാണെങ്കിലും, ശീലത്തിന്റെ പാലനം ചെയ്യുക തന്നെ വേണം. ശീലത്തിന്റെ പാലനം ചെയ്യേണ്ടതുണ്ട്. വീട്ടിൽ താമസിക്കുമ്പോൾ അനേക ബാധകളുണ്ട്. സ്വന്തം മനസ്സിന്റെ ദുർബലതകളുമുണ്ട്. അതിനാൽ ശീലപാലനത്തിൽ ബുദ്ധിമുട്ട് ഉണ്ടാകുന്നു. പത്തു ദിവസത്തിനായി തപോഭൂമിയിൽ വന്നിരിക്കുകയാണ് – അതിനാൽ ഇത്തരം ശാന്തവാതാവരണം, ധർമ്മത്തിന്റെ വാതാരവരണം. ആരെ നോക്കിയാലും, അവൻ ധർമ്മത്തിന്റെ തപസ്യയിൽ തന്നെയാണ് ഏർപ്പെട്ടിരിക്കുന്നത്. കൂടാതെ തിരിക്കിലാണ് – രാവിലെ നാല്, നാലരമണി മുതൽ രാത്രി ഒൻപത്, ഒൻപതര മണിവരെ – ഏത് ശീലം എവിടെ ഭംഗമാക്കാൻ സാധിക്കും, ആ പരിസ്ഥിതികളിൽ തന്നെയാണ് ശീലത്തിന്റെ പാലനം ചെയ്യുന്നത്. അതിനാൽ ജീവനിൽ ഏറ്റവും കുറഞ്ഞത് പത്തു ദിവസമെങ്കിലും അത്തരം ലഭിച്ചു – അവിടെ ശുദ്ധ നിഷ്കളങ്ക ശീലത്തിന്റെ പാലനം ചെയ്തു. അതിനാൽ ഈ പാരമി പൂർണ്ണമാക്കാനുള്ള ഒരു അവസരം ലഭിക്കുന്നു.

ഒരു പാരമി കൂടി, നിഷ്ക്രമണ പാരമി – വീട്ടിൽ താമസിക്കുമ്പോൾ വീട്ടിനോട് ആസക്തി ഉണ്ടാകുകതന്നെ ചെയ്യുന്നു. അതിനാൽ ആ ആസക്തി ഇല്ലാതാക്കുന്നതിന് ഗൃഹം ത്യജിക്കേണ്ടതുണ്ട്. വീടുപേക്ഷിക്കുകയാണെങ്കിൽ ഭിക്ഷു ആകണം അല്ലെങ്കിൽ ഭിക്ഷുണി ആകണം. ഇപ്പോൾ അതിനു തയ്യാറല്ല. തയ്യാറല്ല എങ്കിൽ ഈ പാരമി എങ്ങനെ പുഷ്ടമാകും? അതിനാൽ ഇതിനും ഒരു വഴി തുറന്നു, പത്തു ദിവസത്തേക്കെങ്കിലും, വീടുപേക്ഷിക്കുന്നു. തപോഭൂമിയിൽ ഒരു താപസനെപ്പോലെ ജീവിക്കുന്നു. ഒരു ഭിക്ഷുവിനെപ്പോലെ ജീവിക്കുന്നു. ഒരു ഭിക്ഷുണിയെപ്പോലെ ജീവിക്കുന്നു. സ്വന്തം എന്നു പറയാൻ ഒന്നുമില്ല. ഭക്ഷണവും ആരെങ്കിലും ദാനം കൊടുക്കുകയാണെങ്കിൽ – ഭിക്ഷാപാത്രത്തിൽ ഭക്ഷണം ലഭിക്കുന്നു – ഒരു ഭിക്ഷുവിനെപ്പോലെയുള്ള ജീവിതം ജീവിക്കുന്നു, ഭിക്ഷുണിയെപ്പോലെയുള്ള ജീവിതം ജീവിക്കുന്നു. ഭോജനത്തിനായി എന്തു ലഭിച്ചാലും ശരി, കഴിക്കുന്നു – എങ്കിൽ അഹങ്കാരം മുറിയുന്നു. ഇല്ലെങ്കിൽ അഹങ്കാരം ഉണ്ടാകും. ഇത്തരം ഭോജനം എന്തു കൊണ്ട്, അപ്രകാരം എന്തു കൊണ്ടില്ല? എനിക്ക് ഇപ്രകാരം ലഭിക്കേണ്ടതുണ്ട്, അപ്രകാരം ലഭിക്കേണ്ടതുണ്ട്. ഇത് ഒരു വലിയ കാരണമാണ് ആയതുകൊണ്ട് തപോഭൂമിയിൽ വന്ന് തപസ്യ ചെയ്യുന്നു. സാധകരിൽ നിന്നും ഒരു ചാർജ്ജും എടുക്കാത്തതിന് കാരണമുണ്ട്. അവരിൽ നിന്ന് വില ഈടാക്കുകയാണ് എങ്കിൽ – നോക്കൂ, നീ പത്തു ദിവസം ഇവിടെ താമസിക്കുകയാണെങ്കിൽ ഇത്രയെങ്കിലും ഭക്ഷണത്തിനു തന്നെ ആകും. ഇത്ര ഞങ്ങളുടെ മറ്റുള്ള കാര്യങ്ങൾക്ക് ആകും. അതിനാൽ ഏറ്റവും കുറഞ്ഞത് ഇത്ര ദാനം നിങ്ങൾ തരേണ്ടതുണ്ട്. അയ്യോ, എങ്കിൽ പിന്നെ ഹോട്ടൽ ആയില്ലെ സഹോദരാ! ബോർഡിംഗ്, ലോഡ്ജിം ചാർജ്ജ് എടുക്കുകയാണ് – ധർമ്മം എങ്ങനെ ആകാനാണ്. കൂടാതെ അവനും മനസ്സിലാക്കും – സഹോദരാ, പൈസാ കൊടുത്തുകൊണ്ടാണ് താമസിക്കുന്നത്, അതിനാൽ ഈ സൗകര്യം വേണ്ടതുണ്ട് – ഞങ്ങളിൽ നിന്നും രൂപ എടുത്തിട്ടുണ്ട്, ഈ സൗകര്യം എന്തു കൊണ്ടില്ല? ഭിക്ഷുവിനെപ്പോലെയുള്ള ജീവൻ എങ്ങനെ ജീവിക്കും? അതിനാൽ ശുദ്ധ പരമ്പര ഇതാണ് – ഭിക്ഷുവിനെപ്പോലെ ജീവൻ ജീവിച്ചാൽ നിഷ്ക്രമണ പാരമി. ഗൃഹം ഉപേക്ഷിക്കാനുള്ള പാരമി.

കൂടാതെ ഇവിടെ വന്നിട്ട് എന്താണ് ചെയ്യുന്നത് – പിക്നിക് ചെയ്യുകയാണോ, ഇതിനല്ല വരുന്നത്. തപസ്സു ചെയ്യാനാണ് വരുന്നത്. അതിനാൽ വലിയ പരിശ്രമം ചെയ്യേണ്ടതുണ്ട്. വലിയ പരിശ്രമം, വലിയ പുരുഷാർത്ഥം. ഇതിനെയാണ് ആ ദിനങ്ങളിലെ ഭാഷയിൽ വീര്യം എന്നു വിളിച്ചത്. അതിനാൽ വീര്യ പാരമി.– വലിയ പ്രയ്ത്നം ചെയ്യേണ്ടതുണ്ട്. പുറം ലോകത്ത് ജോലി ചെയ്യുന്നതിനായി വലിയ പ്രയത്നം ചെയ്യേണ്ടതുണ്ട്, പരിശ്രമം ചെയ്യേണ്ടതുണ്ട്, അത് പാരമി ആയിത്തീരുന്നില്ല. ഇവിടെ എന്തു പരിശ്രമമാണ് ചെയ്തു കൊണ്ടിരിക്കുന്നത്? മനസ്സിനെ എങ്ങനെ വശത്താക്കും? ഈ അവിടെ ഇവിടെ അലയുന്ന മനസ്സിനെ എപ്രകാരം ഒരു ആലംബനത്തിൽ നിറുത്തും? വലിയ പരിശ്രമം. മനസ്സ് ഓടിപ്പോയി, വീണ്ടും കൊണ്ടു വരേണ്ടി വന്നു. ഓടിപ്പോയി, വീണ്ടും കൊണ്ടു വരേണ്ടി വന്നു. കൂടുതൽ മുന്നേറുമ്പോൾ – നോക്കൂ, മനസ്സ് വികാരങ്ങളിലേക്ക് പോയി, അതിക്രമണം ചെയ്തു. വീണ്ടും അതിനെ പ്രതിക്രമണം ചെയ്തു കൊണ്ടു വന്നു. അതിക്രമണം ചെയ്തു. വീണ്ടും പ്രതിക്രമണം ചെയ്ത് കൊണ്ടു വന്നു. വലിയ വീര്യം, വലിയ അധ്വാനം, വലിയ പരിശ്രമം കൂടാതെ ഈ ഏതൊരു പരിശ്രമമുണ്ടോ, ഇത് പാരമി ആയിത്തീരുന്നു. മുക്ത അവസ്ഥവരെ കൊണ്ടു പോകുന്നതിനുള്ള വീര്യമാണ്.

കൂടാതെ ഇതേ പ്രകാരം എപ്പോൾ ജോലി ചെയ്യുന്നോ, വിവേകത്തോടെ ജോലി ചെയ്യുന്നോ അപ്പോൾ പ്രജ്ഞ ഉണരുന്നു. ശ്രുതപ്രജ്ഞയല്ല, ശ്രുതപ്രജ്ഞയാകട്ടെ വീട്ടിലിരുന്നുകൊണ്ടു തന്നെ ചെയ്യാം. പുസ്തകങ്ങൾ പഠിച്ചും പ്രവചനം കേട്ടും – ചിന്തൻ പ്രജ്ഞയല്ല – ചിന്തൻ പ്രജ്ഞ വീട്ടിൽ ഇരുന്നുകൊണ്ടും ചെയ്യാവുന്നതാണ്. തപോഭൂമിയിൽ വന്നു അതിനാൽ ഭാവനാമയി പ്രജ്ഞാ അനുഭൂതിയാലുള്ള പ്രജ്ഞ. സ്വന്തം പ്രജ്ഞ, പ്രത്യക്ഷ ജ്ഞാനം. സ്വന്തം അനുഭൂതിയാലുള്ള പ്രത്യക്ഷ ജ്ഞാനം ഉണർത്തും. അതിനാൽ ഈ പ്രജ്ഞയുടെ പാരമിത പരിപൂർണ്ണമാകുന്നതിൽ ഈ തപോഭൂമിയുടെ പത്തുദിവസത്തെ താമസം – ഈ തപസ്യ അതിന് അവസരമൊരുക്കുന്നു. ഈ പ്രജ്ഞ–പാരമിത കൂടുതൽ പുഷ്ടമാകുന്നു, കൂടുതൽ പുഷ്ടമാകുന്നു.

ഒരു പാർമി കൂടി, ക്ഷാന്തിപാരമി. ക്ഷാന്തി – സഹിഷ്ണുത വരികയാണ്. തപോഭൂമിയിൽ ആകട്ടെ ധർമ്മ ഗംഗയാണ് ഒഴുകുന്നത്. അതിനാൽ എല്ലാ ദാഹമുള്ള വ്യക്തികളും വരികതന്നെ ചെയ്യും. എല്ലാ ജാതിയിലെയും വരും. എല്ലാവർണ്ണത്തിലെയും വരും. എല്ലാ വർഗ്ഗത്തിലെയും വരും. എല്ലാ സമ്പ്രദായത്തിലെയും വരും. എല്ലാ ദേശത്തിലെയും വരും. എല്ലാ ഭാഷയിലെയും വരും. സ്വസ്ഥനും വരും, രോഗിയും വരും. ഇപ്പോൾ ഹാളിൽ ഇരിക്കുകയാണ്, അഞ്ഞൂറ് ആൾക്കാർ ഇരിക്കുകയാണ്. ആർക്കെങ്കിലും ചുമ വരാൻ തുടങ്ങി. അപ്പോൾ ബോധമില്ലെങ്കിൽ ഉള്ളിൽ നിന്ന് ക്രോധം ഉണരുന്നു. ഇവൻ എത്തരം വ്യക്തിയാണ് സ്വയവും ശരിക്കും ധ്യാനം ചെയ്യുന്നില്ല, ഞങ്ങളെയും ധ്യാനം ചെയ്യാൻ സമ്മതിക്കുന്നില്ല. എല്ലാവരുടെയും തപസ്സ്

ഭംഗമാക്കുന്നു. ക്രോധം ഉണരുന്നു. അവനെപ്പറ്റി ദ്വേഷം ഉണരുന്നു. ഇത്രയാകുമ്പോൾ ബോധം ഉണരുന്നു. ഒപ്പം ഒപ്പം പ്രജ്ഞയുടെ ജോലി ചെയ്യുകയാണല്ലോ. ബോധം ഉണരുന്നു. അയ്യോ, ഞാൻ ഇവിടെ എന്തു ചെയ്യാനാണ് വന്നത്? ഞാൻ സ്വന്തം പ്രജ്ഞ ഉണർത്താനാണ് വന്നത്. ഞാൻ ക്ഷാന്തി പാരമിയെ പൂർത്തീകരിക്കാനാണ് വന്നത്, സഹിഷ്ണുതയുടെ പാരമി – സഹിക്കേണ്ടതുണ്ട് – ഏതെങ്കിലും കാര്യം എന്റെ മനസ്സിനനുകൂലമാകുന്നില്ലെങ്കിൽ ഞാൻ ഉണർവ്വോടെ ഇരിക്കേണ്ടതുണ്ട്. ഞാനെങ്ങാനും പ്രതിക്രിയ ചെയ്ത് സ്വന്തം സഹിഷ്ണുതയുടെ പാരമിയെ ദുർബലമാക്കാൻ പാടില്ല. സ്വന്തം സഹിഷ്ണുതയുടെ പാരമിയെ എനിക്ക് ബലമുള്ളതാക്കേണ്ടതുണ്ട്. അയ്യോ, ഇത് പാവം രോഗിയാണ്. രോഗിയാണ് അതിനാൽ ചുമച്ചു – ഇവൻ രോഗിയാണ് അല്ലെങ്കിൽ വിവേകമില്ലാത്തവനാണ് – പാവത്തിന് ഇപ്പോൾ ധർമ്മം മനസ്സിലായിട്ടില്ല, അതിനാലാണ് ഇത്തരം പ്രവൃത്തി ചെയ്യുന്നത്, മറ്റുള്ളവരുടെ സാധന തടസ്സപ്പെടുത്തുന്നത് – അതിനാൽ അവനോട് ദ്വേഷം അരുത്, ക്രോധം അരുത്, ദുർഭാവന അരുത്. സ്നേഹമേ ഉണരാവൂ. സഹിക്കണം. സഹിഷ്ണുത.

ഒരു പാരമികൂടി, സത്യത്തിന്റെ പാരമി. സത്യമാകട്ടെ, വാണിയുടെ സത്യം തന്നെയാണ്. അത് ശീലത്തിൽ വരികതന്നെ ചെയ്തു. ഒരു സത്യം കൂടി എന്തെന്നാൽ നമ്മുടെ ധ്യാനത്തിന്റെ ആലംബനം സത്യം തന്നെ സത്യമായിരിക്കുന്നു. അതാണ് സത്യം. ഈ ക്ഷണം എന്റെ മൂന്നരകൈ നീളമുള്ള ശരീരത്തിനുള്ളിൽ എന്നെപ്പറ്റി ഏതൊരു സത്യം പ്രകടമായിക്കൊണ്ടിരിക്കുന്നോ, അതിനെ ആലംബനമാക്കിക്കൊണ്ട് ഞാൻ ധ്യാനം ചെയ്തുകൊണ്ടിരിക്കുകയാണ് എങ്കിൽ സത്യമാണ്. ഏതൊരു സത്യത്തിന്റെ ആലംബനം എടുത്തു കൊണ്ട് ജോലി ചെയ്യുകയാണോ, അത് മുന്നേറിമുന്നേറി സ്ഥൂല സത്യത്തിൽ നിന്നും സൂക്ഷ്മ സത്യം, സൂക്ഷ്മതര സത്യം. ഏറ്റവും സൂക്ഷ്മമായ സത്യം വരെ എത്തിച്ചേരും. ഈ ഭൗതികലോകത്തിന്റെ സൂക്ഷ്മതമമായ സത്യം വരെ. ഈ മൂന്നരകൈ നീളമുള്ള ഭൗതികശരീരത്തിന്റെ സൂക്ഷ്മതമമായ സത്യം വരെ, പരമാണുവരെ എത്തിച്ചോരും. ഇതേ പ്രകാരം ചിത്തത്തിന്റെ സത്യത്തിൽ നിന്നാണ് ജോലി ചെയ്തുകൊണ്ടിരിക്കുന്നത്, സത്യത്തെ ആലംബനം ആക്കിക്കൊണ്ട് ചെയ്യുകയാണ്, അതിനാൽ സ്ഥൂലസ്ഥൂല സത്യം, അതിന്റെ സഹായത്താൽ സൂക്ഷ്മം, സൂക്ഷ്മം. ഇതേ തരത്തിൽ ചിത്തവൃത്തികളുടെ സ്ഥൂലത മുതൽ സൂക്ഷ്മം – അതിലും സൂക്ഷ്മം, സൂക്ഷ്മതരം, ഏറ്റവും സൂക്ഷ്മം – തരംഗങ്ങൾ തന്നെ തരംഗങ്ങൾ, തരംഗങ്ങൾ തന്നെ തരംഗങ്ങൾ, ഈ ശരീരം പരമാണുക്കളുടെ സമൂഹമാണ്, തരംഗങ്ങൾ തന്നെ തരംഗങ്ങൾ, ഈ ചിത്തം, ചിത്തത്തിൽ ഉത്പന്നമാകുന്ന ചിത്തവൃത്തികൾ തരംഗങ്ങൾ തന്നെ തരംഗങ്ങൾ, ആ അവസ്ഥവരെ എത്തിച്ചേരും, അവിടെ ഘനത്വത്തിന്റെ തരിപോലുമില്ല. സത്യത്തിന്റെ സഹായത്താൽ ചിത്തത്തിന്റെ അന്തിമ അവസ്ഥയെ അറിഞ്ഞു. ചിത്തവൃത്തിയുടെ അന്തിമ അവസ്ഥയെ അറിഞ്ഞു. ശരീരത്തിന്റെ അന്തിമ അവസ്ഥയെ അറിഞ്ഞു. അപ്പോൾ അങ്ങനെ ചെയ്തു ചെയ്ത് ചിത്തം നിർമ്മലവും ആയിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ അതിന്റെ അതിക്രമണം ചെയ്ത് പരമസത്യത്തെ അറിഞ്ഞു. അത് അനിത്യമല്ല, നിത്യമാണ്, ശാശ്വതമാണ്, ധ്രുവമാണ് – അതിന്റെ സാക്ഷാത്കാരമുണ്ടാകേണ്ടതുണ്ട്. ഇവിടെ ജോലി ചെയ്യാൻ വന്നത് ഈ സത്യത്തിന്റെ പാരമി ഇത്ര പുഷ്ടമാക്കാനാണ് എന്നിട്ട് പരമസത്യം വരെ എത്തിച്ചേരണം. അതിനാൽ ഈ പാരമി പൂർത്തീകരിക്കാനാണ് വന്നത്.

ഒരു പാരമികൂടി ഉണ്ട്. അധിഷ്ഠാനത്തിന്റെ പാരമി – അതായത് ഒരു ദൃഢസങ്കല്പം ചെയ്യുന്നു. ദൃഢ നിശ്ചയം ചെയ്യുന്നു. പത്തു ദിവസത്തേക്ക് തപസ്സു ചെയ്യാൻ പോകണം എങ്കിൽ തപസ്സു ചെയ്യാൻ പോകണം. ഇടക്ക് വിട്ടു പോകില്ല. എന്തു തന്നെയായാലും ശരി. പത്തു ദിവസം മുഴുവൻ അവിടെ തന്നെ താമസിക്കും. പത്തു ദിവസത്തിനും ഈ നിയമമുണ്ട് – അവിടത്തെ ശാസനം, അനുശാസനം, സമയക്രമം ഇതാണ്. അതിനാൽ ദൃഢനിശ്ചയം ചെയ്യുന്നു. എന്തു തന്നെ ആയാലും അതിന്റെ പാലനം ചെയ്യും. അതിന്റെ പാലനം ചെയ്യുന്നു. ഇടക്കിടക്ക് സ്വന്തം അധിഷ്ഠാന പാരമിയെ പുഷ്ടമാക്കുന്നതിനായി നിർണ്ണയം ചെയ്യുന്നു, സങ്കല്പം ചെയ്യുന്നു – ഏത് ആസനം ഗ്രഹണം ചെയ്ത് ഇരിക്കുന്നോ, ഇരിക്കുക തന്നെ ചെയ്യും. ഇനി ഒരു മണിക്കൂർ ഇരിപ്പ് ഒട്ടും തന്നെ മാറ്റില്ല, എന്തുതന്നെയായാലും ശരി. എന്റെ കാലു മുറിഞ്ഞാലും ശരി, ഞാൻ ആസനം മാറ്റില്ല. കണ്ണു തുറക്കില്ല, കൈ തുറക്കില്ല, കാൽ തുറക്കില്ല, അത്ര ദൃഢസങ്കൽപം ചെയ്ത് ഇരിക്കുന്നു – സ്വന്തം അധിഷ്ഠാന പാരമി വർദ്ധിപ്പിക്കുന്നതിന്. ഈ പാരമി വർദ്ധിച്ചില്ലെങ്കിൽ മുക്ത അവസ്ഥവരെ എങ്ങനെ എത്തിച്ചേരാനാണ് സഹോദരാ?

ഏതെങ്കിലും വ്യക്തി സമ്യക് സംബുദ്ധൻ ആയിത്തീരുകയാണ്. ആരായാലും സമ്യക് സംബുദ്ധനായിത്തീരുമ്പോൾ, ആ രാത്രിയിൽ അദ്ദേഹം ഏതെങ്കിലും വൃക്ഷത്തിന്റെ ചുവട്ടിൽ ഇരുന്നുകൊണ്ട് സംബോധി നേടുന്നു. അപ്പോൾ എങ്ങനെയാണ് നേടുന്നത്? ആ വൃക്ഷചുവട്ടിൽ ഏതൊരു ആസനം ഗ്രഹണം ചെയ്ത് ഇരുന്നോ, ഇരുന്നു. ഈ അധിഷ്ഠാനം, ഈ ദൃഢസങ്കല്പം എന്തെന്നാൽ – അതുവരെ ഈ ഇരുപ്പ് മാറ്റില്ല, മണിക്കൂറിനല്ല, രണ്ടു മണിക്കൂറിനല്ല, ആർക്കറിയാം എത്ര സമയം എടുക്കുമെന്ന്? എത്ര തന്നെ സമയം എടുത്താലും ശരി, ഏതുവരെ എനിക്ക് സമ്യക്സംബോധി പ്രാപ്തമാകുന്നില്ലയോ, അതുവരെ ഞാൻ അനങ്ങുകയില്ല, സ്വന്തം ആസനം മാറ്റുകയില്ല. അസ്ഥികൾ വേണമെങ്കിൽ പൊട്ടിത്തകരട്ടെ. ഞാൻ മാറ്റില്ല, അത്ര ദൃഢസങ്കല്പം. അതിനാൽ അനേക ജന്മങ്ങൾവരെ ഈ അധിഷ്ഠാനത്തിന്റെ പാരമി പൂർത്തീകരിച്ചുകൊണ്ട് ആ അവസ്ഥയിൽ എത്തിച്ചേരുന്നു. അതുകൊണ്ടല്ലെ അത്തരം അധിഷ്ഠാനം പൂർത്തീകരിച്ച് സമ്യക്സംബോധി നേടുന്നത്. ആരെങ്കിലും ശിബരത്തിൽ വന്നിട്ട് അധിഷ്ഠാനത്തിന്റെ പാരമിക്കായി ഒന്നും തന്നെ ചെയ്യുന്നില്ല ഇരിക്കുമ്പോൾ സങ്കൽപ്പിച്ച് ഇരുന്നു എന്നിട്ട് പത്തുമിനിട്ടിൽ തന്നെ വേദന തുടങ്ങി, അയ്യോ, ഇല്ല, ഇല്ല, മാറ്റാം. പിന്നെ ചെയ്യാം. ഈ അധിഷ്ഠാനത്തിന്റെ ജോലി പിന്നെ ചെയ്യാം.

നമ്മളും ബുദ്ധനാകണം എന്നു നിശ്ചയിക്കുയാണെങ്കിൽ – ഇരുന്നു, ഇനി എത്ര

സമയം വേണമെങ്കിലും എടുക്കട്ടെ, ഞാൻ ആസനം മാറ്റില്ല. പത്തുമിനിട്ടിൽ തന്നെ തലചൊറിഞ്ഞു കൊണ്ട് ആസനം മാറ്റും, ഇല്ല, ഇല്ല, ഇല്ല ഇപ്പോൾ ചെയ്യില്ല, പിന്നെ എപ്പോഴെങ്കിലും ചെയ്യാം. എങ്കിൽ ബുദ്ധനാകാൻ സാധിക്കില്ല. അരഹന്തനാകാൻ സാധിക്കില്ല. ഈ അധിഷ്ഠാന പാരമി വളരെ നന്മ ചെയ്യുന്നത് – അത്ര ദൃഢസങ്കല്പം, സ്വന്തം ശക്തിക്കനുസരിച്ച് ദൃഢസങ്കല്പം ചെയ്യുന്നു. മണിക്കൂർ മുഴുവനായി ചെയ്യുന്നു. മണിക്കൂറിൽ ഞാൻ ആസനം മാറ്റില്ല. ഇപ്രകാരം കുറച്ചുകുറച്ചായി മുന്നേറുന്നു, സ്വന്തം സങ്കൽപ്പത്തെ ദൃഢമാക്കി ക്കൊണ്ട്, സ്വന്തം ഈ അധിഷ്ഠാനത്തിന്റെ പാരമിയെ ബലപ്പെടുത്തിക്കൊണ്ട് മുന്നേറുന്നു.

ഒരു പാരമികൂടി, ഉപേക്ഷാ പാരമി. – ഉപേക്ഷ എന്നാൽ സമത. വീട്ടിൽ ഗൃഹസ്ഥാശ്രമത്തിൽ ഇരിക്കുമ്പോഴും സമത വക്കേണ്ടതുണ്ട്. ജീവനിൽ കയറ്റവും ഇറക്കുവും, കയറ്റവും ഇറക്കവും വന്നുകൊണ്ടുതന്നെ ഇരിക്കുന്നു. എങ്ങനെ സമതയുടെ ജീവൻ ജീവിക്കണം? എന്നാൽ ഉള്ളിൽ നിന്ന് പാകമാകുന്നില്ലെങ്കിൽ ഇത് പുറമെ പുറമെയുള്ള സമത. മനസ്സിനെ അമർത്തി ക്കൊണ്ടുള്ള സമത. തപോഭൂമിയിൽ വരിക യാണെങ്കിൽ ശരിയായ സമത പഠിക്കുന്നു. ഉപേക്ഷ പഠിക്കുന്നു. സാധന ചെയ്തു ചെയ്ത് ശരീരത്തിൽ ഭിന്ന ഭിന്ന പ്രകാരത്തിലുള്ള സംവേദകൾ, സ്ഥൂലവും, സൂക്ഷ്മവും പ്രിയവും, അപ്രിയവും. സുഖകരവും ദുഃഖകരവും എല്ലാറ്റിനെയും പറ്റി അനിത്യ ബോധം. അനിത്യമാണ്, അനിത്യമാണ്. നോക്കൂ, മാറിക്കൊണ്ടിരിക്കുയാണ്, മാറിക്കൊണ്ടി രിക്കുകയാണ് എന്ന് അനുഭവിച്ചറിയുന്നു. അയ്യോ, ഏതൊന്ന് മാറിക്കൊണ്ടിരിക്കുന്നോ അതിനെപ്പറ്റി എന്തു രാഗം ചെയ്യാനാണ്? എന്തു ദ്വേഷം ചെയ്യാനാണ്? ഇപ്രകാരം, ഈ സമത – അത് രാഗത്തിന്റെ സ്വഭാവത്തെ മാറ്റുകയാണ്, ദ്വേഷത്തിന്റെ സ്വഭാവത്തെ മാറ്റുകയാണ്. വേരുകൾവരെ സ്വഭാവം മാറ്റുന്നതിനുള്ള ജോലി ചെയ്യുകയാണ്. ഇത് വലിയ നന്മകാരിണിയായ പാരമിയാണ്. ഇതുതന്നെ ചിത്തത്തെ നിർമ്മലം ആക്കിയാക്കി മുക്ത അവസ്ഥവരെ എത്തിച്ചേർക്കും. അതിനാൽ വലിയ മഹത്വപൂർണ്ണ പാരമി. ചിത്തം ഉപേക്ഷാഭാവത്തിൽ, സമതാഭാവത്തിൽ നിർമ്മല മായിക്കൊണ്ടു പോകണം.

അപ്പോൾ അടുത്ത പാരമി. പത്താമത്തെ പാരമി – മൈത്രി പാരമി. മൈത്രി എന്നാൽ മിത്രതയല്ല, മൈത്രി എന്നാൽ എല്ലാവരെയും പറ്റി സ്നേഹമുണ്ടാകണം. എല്ലാവരെയും പറ്റി സദ്ഭാവന ഉണ്ടാകണം. എല്ലാവരെയും പറ്റി മംഗളഭാവം ഉണ്ടാകണം, എങ്കിൽ മൈത്രിയും വന്നു. അതിൽ മിത്രതയും വന്നു. എന്നാൽ എല്ലാവരെയും പറ്റി മംഗള ഭാവന – ഏതൊരു ശത്രുവാണെങ്കിലും അവരെപ്പറ്റിയും മംഗളഭാവന ഇവിടെ പഠിക്കുകയാണ്.

ഈ ഒരു മംഗളഭാവന കേവലം പുറമെപുറമെ നിന്ന് വീട്ടിൽ നിന്നും കൊടുക്കുമായിരുന്നോ, ഇപ്പോൾ ഉള്ളുവരെ ചിത്തത്തെ നിർമ്മലമാക്കി, എല്ലാവർക്കും മംഗളമാകണം, എല്ലാവർക്കും സ്വസ്ഥിയാകണം. എപ്രകാരം എനിക്ക് ധർമ്മം ലഭിച്ചുവൊ എന്റെ നന്മയായിയൊ, എന്റെ ചിത്തം നിർമ്മലമായിയൊ, എനിക്ക് സുഖശാന്തി ലഭിച്ചുവൊ, അപ്രകാരം തന്നെ എല്ലാവർക്കും ലഭിക്കണം. എല്ലാവർക്കും ലഭിക്കണം. ഇത് പഠിക്കുന്നില്ലെങ്കിൽ പുറമെ പുറമെയുള്ള മൈത്രി, സ്വന്തം അയൽക്കാരനോട് പറയുകയാണ് – അവനുമായുള്ള ബന്ധം ദൂഷിച്ചതാണ് – പറയുകയാണ് – നിനക്ക് മംഗളമുണ്ടാകട്ടെ, നിനക്ക് മംഗളമുണ്ടാകട്ടെ. പുറമെനിന്ന് പറയുന്നു, നിനക്ക് മംഗളമുണ്ടാകട്ടെ എന്നാൽ ഉള്ളിലെ മനസ്സു പറയുകയാണ് – നീ നരകത്തിൽ പോ, ക്രോധമല്ലെ, ദ്വേഷമല്ലെ, ശത്രുതയല്ലെ. ഇവിടെ പഠിക്കുകയാണ് – ഒരു ശത്രുതയും അരുത്. എല്ലാവരും മിത്രമാണ്. എല്ലാവർക്കും മംഗളമാകട്ടെ എല്ലാവർക്കും നന്മയാകട്ടെ. എല്ലാവർക്കും സ്വസ്തി മുക്തിയാകട്ടെ. എല്ലാവർക്കും സ്വസ്തിമുക്തിയാകട്ടെ. എന്തെന്നാൽ സ്വയം അനുഭവം വഴി ചിത്തത്തെ നിർമ്മലം ആക്കിയാക്കി സുഖശാന്തി അനുഭവമാകാൻ തുടങ്ങി എന്നിട്ട് ചെയ്യാൻ തുടങ്ങിയപ്പോൾ മനസ്സ് ആഗ്രഹിക്കുകയാണ് – ഇത്തരം സുഖശാന്തി എല്ലാവർക്കും ലഭിക്കണം. ഞാൻ എത്രയോ പേർക്ക് ദുഃഖം കൊടുത്തു. എന്റെ പക്കൽ ദുഃഖമായിരുന്നു ഉണ്ടായിരുന്നത്, ജനങ്ങൾക്ക് ദുഃഖം തന്നെയാണ് വിതരണം ചെയ്തത്. ഇപ്പോൾ ഈ സുഖം വന്നു, ഈ ശാന്തി വന്നു, ഇത് ജനങ്ങളിൽ വിതരണം ചെയ്യണം, എല്ലാവർക്കും മംഗളമുണ്ടാകട്ടെ, എല്ലാവർക്കും നന്മയുണ്ടാകട്ടെ, എല്ലാവർക്കും സ്വസ്തിയുണ്ടാകട്ടെ, എല്ലാവർക്കും മുക്തി യുണ്ടാകട്ടെ. ഇതേ മൈത്രി നന്മകാരിയായ മൈത്രി, മുക്ത അവസ്ഥ വരെ കൊണ്ടുപോകും. ഇത് പാരമി.

ഇപ്രകാരം പത്തു പാരമിതകളെയും പൂർണ്ണമാക്കുന്നതിനായി ഈ തപോഭൂമിയിലെ താമസം വളരെ മംഗളകരമാണ്. ആര് ഈ തരത്തിലുള്ള തപോഭൂമിയിൽ താമസിച്ചുകൊണ്ട് ചിത്തത്തെ നിർമ്മലമാക്കാനുള്ള ജോലി ചെയ്തുചെയ്ത് പാരമിതകളെ പരിപൂർണ്ണം ആക്കി ആക്കി മുന്നേറുന്നുവൊ, വലിയ മംഗളം നേടുന്നു. വലിയ മംഗളം, വലിയ നന്മ, സ്വസ്ഥി തന്നെ സ്വസ്ഥി. മുക്തി തന്നെ മുക്തി, മുക്തി തന്നെ മുക്തി.